ആത്മകഥ

ഒ.പി അബ്ദുസ്സലാം മൗലവി/ പുത്തൂർ ഇബ്രാഹീം കുട്ടി

### ഓർമയുടെ തീരങ്ങളിൽ–5

# കേരള മുസ്‌ലിം സംഘടനകളുടെ കുവൈത്ത് ഐക്യകരാർ



കുവൈത്ത് ഐക്യകരാർ ഒപ്പുവെച്ച കേരള മുസ്‌ലിം സംഘടനാ പ്രതിനിധികൾ ശൈഖ് നാദിർനൂരിയോടൊപ്പം

**1981** ജൂൺ–ജൂലൈ മാസങ്ങളിൽ ഇന്തോനേഷ്യയിൽ ഇമാമുകൾക്കു വേണ്ടി സംഘടിപ്പിക്കപ്പെട്ട ഒരു ട്രെയ്നിംഗ് കോഴ്സിൽ പങ്കെടുക്കാൻ അവസരമുണ്ടായി. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും പ്രഗത്ഭരായ പണ്ഡിതന്മാർ അതിൽ പങ്കെടുക്കാൻ എത്തിയിരുന്നു. മൊറോക്കോയിലെ മുഹമ്മദുൽ മനൂസി, സുഊദിയിലെ മുഹമ്മദുൽ മുബാറക് തുടങ്ങിയവരും ഇന്ത്യയിൽനിന്ന് വടക്കെ ഇന്ത്യക്കാരനായ മൗലാനാ അബ്ദുൽ ഹസീബ് ഇസ്‌ലാഹിയും ഞാനുമായിരുന്നു ക്ഷണിക്കപ്പെട്ടത്.

ജക്കാർത്തയിൽനിന്ന് അൽപം ഉള്ളോട്ട് മാറി മനോഹരമായ ഒരു പ്രദേശത്തായിരുന്നു ക്യാമ്പ്. ഇന്തോനേഷ്യൻ മതകാര്യവകുപ്പ് മന്ത്രി ക്യാമ്പ് സജീവമാക്കുന്നതിൽ മുന്നിലുണ്ടായിരുന്നു. ഉദ്ഘാടന ദിവസം ഇന്തോനേഷ്യയുടെ പ്രഥമ പ്രധാനമന്ത്രി ഡോ. മുഹമ്മദ് നാസിർ പരിപാടിയിൽ സംബന്ധിക്കുകയും ചെയ്തു. കോഴ്സിൽ ഞാൻ ക്ലാസെടുക്കേണ്ടിയിരുന്നത് നേതൃഗുണം, തർബിയത്ത്, ഖുർആനിന്റെ ആത്മാവ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു.

### ഒരു ഊഷ്മള ബന്ധം

ഒരുദിവസം ഡോ. മുഹമ്മദ് നാസിറിനോട് നേരിൽ സംസാരിക്കാൻ അവസരമുണ്ടായി. പല കാര്യങ്ങളും ചർച്ച ചെയ്തു. ഇസ്‌ലാമിക പ്രസ്ഥാനമായ മശൂമി പാർട്ടി, ഇന്തോനേഷ്യൻ ഭരണഘടന, ടിറ്റോ–സുകാർണോ–നാസിർ–നെഹ്റു കൂട്ടുകെട്ട്, ചേരിചേരാ പ്രസ്ഥാനം, വർത്തമാനകാല ഇന്തോനേഷ്യ, ലോക ഇസ്‌ലാമിക ചലനങ്ങൾ, പഞ്ചശീല തത്ത്വങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂടെ സംസാരം കടന്നുപോയി.

ഇസ്‌ലാമിക ലോകത്തെ വർത്തമാനങ്ങൾ അയവിറക്കുമ്പോൾ 1950 മുതൽ '57വരെ മൂന്നുതവണ ഇന്തോനേഷ്യയുടെ പ്രധാനമന്ത്രിയായിരുന്ന ആ വയോധികന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ കൈ പിടിച്ച് "ഈ ഉമ്മത്ത് മുസ്‌ലിമയെ അല്ലാഹു

രക്ഷിക്കട്ടെ" എന്ന് പ്രാർഥിച്ചാണ് സലാം പറഞ്ഞു പിരിഞ്ഞത്. അദ്ദേഹത്തിന്റെ 'ഇസ്‌ലാമും സോഷ്യലിസവും' എന്ന അറബി ഗ്രന്ഥം എനിക്കു ഉപഹാരമായി തരികയും ചെയ്തു. അദ്ദേഹത്തിന്റെ കൈയൊപ്പോടുകൂടിയുള്ള ആ ഗ്രന്ഥം ഇന്നും എന്റെ കൈയിലുണ്ട്.

## കുവൈത്ത് ഐക്യകരാർ

കേരളത്തിലെ മുസ്‌ലിം സംഘടനകൾക്കിടയിൽ ഭിന്നതയും ചേരിപ്പോരും രൂക്ഷമായിരുന്നു 1980കളുടെ അവസാനം. പ്രമുഖ സംഘടനയായ 'സമസ്ത' എ.പി അബൂബക്കർ മുസ്‌ലിയാരുടെയും ഇ.കെ അബൂബക്കർ മുസ്‌ലിയാരുടെയും നേതൃത്വത്തിൽ രണ്ടായി പിളർന്നു. പള്ളികളും മദ്‌റസകളും വീതം വെക്കുകയും തെറ്റിപ്പിരിഞ്ഞ വിഭാഗങ്ങൾ തമ്മിൽ സ്റ്റേജു കെട്ടി പരസ്പരം പോരടിക്കുകയും ചില യിടങ്ങളിൽ സായുധ ഏറ്റുമുട്ടലുകളുണ്ടാവുകയും ചെയ്തു.

ഈ സന്ദർഭത്തിലാണ് യാദൃഛികമായി കേരള മുസ്‌ലിം സംഘടനകളുടെ ഏതാനും നേതാക്കൾ കുവൈത്തിലെത്തിയത്. അതു മനസ്സിലാക്കിയ കുവൈത്ത് വഖ്ഫ് കാര്യാലയത്തിലെ ഇസ്‌ലാമിക് ഡയറക്ടർ ശൈഖ് അബ്ദുൽ അസീസ് നാദിർനൂരി കുവൈത്തിലെ കേരളീയരായ ഇസ്‌ലാമിക പ്രവർത്തകരോട് ചോദിച്ചു: "കേരളത്തിലെ സുന്നി-മുജാഹിദ്-ജമാഅത്ത് നേതാക്കൾ ആകസ്മികമായിട്ടാണെങ്കിലും ഇവിടെ എത്തിച്ചേർന്നിട്ടുണ്ടല്ലോ. ഇതൊരു സുവർണാവസരമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെ ഒരു മേശക്കുചുറ്റും ഇരുത്താനും ഐക്യത്തിന്റെ മേഖലയിലേക്ക് കൊണ്ടുവരാനും എനിക്ക് ആഗ്രഹമുണ്ട്. എന്താണ് നിങ്ങളുടെ അഭിപ്രായം? അനുകൂലമെന്നാണ് നിങ്ങളുടെ മറുപടിയെങ്കിൽ മറ്റു കക്ഷികളുടെയും ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിക്കാം."

ഇത് വളരെ ശ്ലാഘനീയമാണെന്നും ജമാഅത്തിന്റെ ഭാഗത്തുനിന്ന് എല്ലാവിധ പിന്തുണയും ലഭിക്കുമെന്നും കുവൈത്തിലെ ജമാഅത്ത് പ്രവർത്തകർ പറഞ്ഞു. ശൈഖ് നാദിർനൂരി മുജാഹിദ് നേതാക്കളുടെയും എ.പി അബൂബക്കർ മുസ്‌ലിയാരുടെയും മുമ്പിൽ അദ്ദേഹത്തിന്റെ അഭിപ്രായം പ്രകടിപ്പിച്ചു. അവരും നിർദേശം സ്വാഗതം ചെയ്തു.

അങ്ങനെയാണ് 1989 ഡിസംബർ 21-ന് പതിനൊന്ന് മണിക്ക് ഞങ്ങൾ കുവൈത്ത് വഖ്ഫ് മന്ത്രാലയത്തിലെ ഇസ്‌ലാമിക് ഡയറക്ടറേറ്റിൽ ഒത്തുകൂടിയത്. ജമാഅത്ത് പ്രതിനിധികളായി

**മൂന്ന് വിഭാഗത്തിനും തൃപ്തികരമായ പതിനേഴ് ഖണ്ഡികകളുള്ള ഐക്യകരാർ അംഗീകരിക്കപ്പെട്ടു. സമസ്ത എ.പി വിഭാഗത്തെ പ്രതിനിധീകരിച്ച് അബൂബക്കർ മുസ്‌ലിയാരും മുജാഹിദ് പക്ഷത്തെ പ്രതിനിധീകരിച്ച് ശൈഖ് അബ്ദുസ്സമദ് അൽകാത്തിബും ജമാഅത്തിനുവേണ്ടി അബ്ദുർറഹ്മാൻ തറുവായിയുമാണ് ഐക്യകരാറിൽ ഒപ്പിട്ടത്. ഒപ്പിട്ട കരാറിന്റെ കോപ്പികൾ സദസ്സിലുണ്ടായിരുന്ന എല്ലാവർക്കും കൈമാറിയ ശേഷം ശൈഖ് നാദിർനൂരി സമാപനമെന്നോണം അല്ലാഹുവിനെ സ്തുതിച്ചും അവന് നന്ദി രേഖപ്പെടുത്തിയും പാപമോചനം തേടിയും ഉള്ളുരുകി പ്രാർഥന നടത്തി. അവസാനം ആലിംഗനം ചെയ്തു സന്തോഷപൂർവം പിരിഞ്ഞു.**

എം.വി മുഹമ്മദ് സലീം മൗലവി, പി.കെ ജമാൽ എന്നിവരും ഈയുള്ളവനും, മുജാഹിദ് വിഭാഗത്തെ പ്രതിനിധീകരിച്ച് അബ്ദുസ്സമദ് അൽകാത്തിബും എൻ.പി അബ്ദുല്ലത്ത്വീഫ് മൗലവിയും, സമസ്തയുടെ പ്രതിനിധിയായി എ.പി അബൂബക്കർ മുസ്‌ലിയാരുമായിരുന്നു സന്നിഹിതരായിരുന്നത്.

## സന്തോഷവും സങ്കടവും

പരസ്പരം സലാം പറഞ്ഞും കൈകൊടുത്തും കെട്ടിപ്പിടിച്ചുമുള്ള ആരംഗം ഹൃദ്യമായ ഒരനുഭവമായിരുന്നു. കേരളാന്തരീക്ഷത്തിൽ അചിന്ത്യമെന്നു പറയാവുന്ന ഈ സുന്ദരാനുഭവത്തിന്റെ പരിസമാപ്തി സഫലമാവട്ടെ എന്ന് ഹൃദയംനൊന്ത് പ്രാർഥിച്ചു.

നാദിർനൂരിയുടെ ചേംബറിൽ നടന്ന ചർച്ച മൂന്ന് മണിക്കൂറോളം നീണ്ടു. അവസാനം മൂന്ന് വിഭാഗത്തിനും തൃപ്തികരമായ പതിനേഴ് ഖണ്ഡികകളുള്ള ഐക്യകരാർ അംഗീകരിക്കപ്പെട്ടു. സമസ്ത എ.പി വിഭാഗത്തെ പ്രതിനിധീകരിച്ച് അബൂബക്കർ മുസ്‌ലിയാരും മുജാഹിദ് പക്ഷത്തെ പ്രതിനിധീകരിച്ച് ശൈഖ് അബ്ദുസ്സമദ് അൽകാത്തിബും ജമാഅത്തിനുവേണ്ടി അബ്ദുർറഹ്മാൻ തറുവായിയുമാണ് ഐക്യകരാറിൽ ഒപ്പിട്ടത്. ഒപ്പിട്ട കരാറിന്റെ കോപ്പികൾ സദസ്സിലുണ്ടായിരുന്ന എല്ലാവർക്കും കൈമാറിയ ശേഷം ശൈഖ് നാദിർനൂരി സമാപനമെന്നോണം അല്ലാഹുവിനെ സ്തുതിച്ചും അവന് നന്ദി രേഖപ്പെടുത്തിയും പാപമോചനം തേടിയും ഉള്ളുരുകി പ്രാർഥന നടത്തി. അവസാനം ആലിംഗനം ചെയ്തു സന്തോഷപൂർവം പിരിഞ്ഞു. പോകുമ്പോൾ മേശപ്പുറത്തുണ്ടായിരുന്ന ടേപ്പ്റിക്കാർഡറിനെ ചൂണ്ടി ആരോ തമാശയായി പറഞ്ഞു: "ഇവിടെ നടന്ന സംഭവങ്ങളൊന്നും ഇനിയാർക്കും നിഷേധിക്കാനാവില്ല. എല്ലാം അതിനകത്തുണ്ട്."



മുഹമ്മദ് നാസിർ

പക്ഷേ, ദൗർഭാഗ്യകരമെന്നുപറയട്ടെ, കുവൈത്ത് വിട്ട എ.പി അബൂബക്കർ മുസ്‌ലിയാർ ദുബൈയിലെത്തിയ ശേഷം കരാർ തള്ളിക്കളയുകയാണുണ്ടായത്.

## ഇസ്‌ലാമിക് വെൽഫെയർ ട്രസ്റ്റ്

ആഫ്രിക്കയിൽനിന്ന് തിരിച്ചെത്തിയ ശേഷം നടന്ന ഒരു പ്രത്യേക യോഗത്തിൽ ഓമശ്ശേരിയിലെയും മലയോര കുടിയേറ്റ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ സാമൂഹിക-സാംസ്കാരിക സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സജീവ ചർച്ച നടക്കുകയുണ്ടായി. അബ്ദുർറഹ്മാൻ തറുവായിയുടെ വീട്ടിൽ ചേർന്ന ആ യോഗത്തിൽ സുദീർഘമായ ആലോചനകൾക്കും ചർച്ചകൾക്കും ശേഷം 'ഇസ്‌ലാമിക് വെൽഫെയർ ട്രസ്റ്റ് ഓമശ്ശേരി' രൂപവത്കരിക്കാൻ തീരുമാനിച്ചു. 1980 ഡിസംബർ 11-ന് രൂപീകൃതമായ പ്രസ്തുത ട്രസ്റ്റിന്റെ ഭാരവാഹികൾ താഴെ പറയുന്നവരാണ്. ഒ.പി അബ്ദുസ്സലാം(ചെയർമാൻ), കെ.സി ബീരാൻകുട്ടി ഹാജി(വൈ. ചെയർമാൻ), എ. മൊയ്തീൻകുട്ടി (സെക്രട്ടറി), അബ്ദുർറഹ്മാൻ തറുവായി(ട്രഷറർ), സി. മുഹമ്മദ് (ജോ. സെക്രട്ടറി).

പാരമ്പര്യ രീതികളിൽനിന്നും വിഭിന്നമായി പ്രബോധന രംഗത്ത് വല്ലതും ചെയ്യാൻ സാധിക്കുമോ എന്ന ചിന്തയാണ് ട്രസ്റ്റ് രൂപീകരണത്തിന് വഴിയൊരുക്കിയത്. സേവന പ്രവർത്തനങ്ങൾ ചില പോക്കറ്റുകളിൽമാത്രം ഒതുങ്ങിനിൽക്കാതെ എല്ലാ മതവിഭാഗങ്ങൾക്കും ഫലം ലഭ്യമാകുന്ന വിധത്തിൽ രൂപം കാണാനാണ് ട്രസ്റ്റ് ഉദ്ദേശിച്ചത്. സമൂഹത്തിലെ താഴെ തട്ടിലുള്ളവരെ ഉയർത്തിക്കൊണ്ടുവരികയും പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയാവുന്നത്ര ശ്രമിക്കുകയും ചെയ്യുക എന്നതാണ് ട്രസ്റ്റ് ലക്ഷ്യമായംഗീകരിച്ചത്. ഓമശ്ശേരിയിലും പരിസര പ്രദേശങ്ങളിലും ചെറിയതോതിൽ പ്രവർത്തനങ്ങളാരംഭിച്ച് മുന്നോട്ടു നീങ്ങിയ ഐ.ഡബ്ലിയു.ടി എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഇസ്‌ലാമിക് വെൽഫയർ ട്രസ്റ്റ് ഇന്ന് അറിയപ്പെടുന്ന മുൻനിര ട്രസ്റ്റുകളിൽ ഒന്നായി വളർന്നിട്ടുണ്ട്. മതജാതി പരിഗണനകൾ നോക്കാതെ പാവങ്ങൾക്കും അശരണർക്കും വീടുകളും കിണറുകളും നിർമിച്ചു കൊടുക്കുക, സാമ്പത്തിക പ്രായസമനുഭവിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുക, അവശരായ രോഗികൾക്ക് വൈദ്യസഹായമെത്തിക്കുക, കഷ്ടപ്പെടുന്ന കടുംബങ്ങൾക്ക് തൊഴിലുപകരണങ്ങൾ നൽകി സഹായിക്കുക തുടങ്ങി വിവിധ രീതികളിൽ സമൂഹത്തിന്റെ പ്രയാസങ്ങളകറ്റാൻ ട്രസ്റ്റ് ശ്രമിക്കുന്നു.

ഓമശ്ശേരിയിലെ പ്രശസ്തമായ ഇസ്‌ലാമിയാ കോളേജ്, പ്ലസന്റ് ഇംഗ്ലീഷ് ഹയർ സെക്കന്ററി സ്കൂൾ, ശാന്തി ജനറൽ നഴ്സിംഗ് സ്കൂൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, അൽമദ്റസത്തുൽ ഇസ്‌ലാമിയ എന്നിവയും ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളാണ്.

ജനശ്രദ്ധയാകർഷിച്ച ട്രസ്റ്റിന്റെ പ്രധാന സ്ഥാപനമാണ് ഓമശ്ശേരി ശാന്തി ഹോസ്പിറ്റൽ. ഇരുപത് വർഷം മുമ്പ് ഒരു ശരത്കാലത്ത് ഒരു ഡോക്ടറും രണ്ടു നഴ്സുമാരുമായി തുടങ്ങിയ, പത്ത് ബെഡുകൾ മാത്രമുള്ള ഒരു കൊച്ചു ക്ലിനിക്കായിരുന്നു 'ശാന്തി.' ഇന്ന് മലബാറിലെ അറിയപ്പെട്ട ഒന്നാംകിട ആതുരാലയമായി വളർന്നു കഴിഞ്ഞു. മുന്നൂറ്റി അൻപത് ബെഡുകളും ഇരുപത്തഞ്ചോളം സ്പെഷ്യാലിറ്റി വിഭാഗങ്ങളും മുന്നൂറ്റി അൻപതിലേറെ ജീവനക്കാരുമുള്ള ശാന്തിഹോസ്പിറ്റൽ ഇവ്വിധം വളർന്നത് അല്ലാഹുവിന്റെ അപാരമായ സഹായവും മാനേജ്മെന്റിന്റെ കച്ചവടമനസ്സില്ലാത്ത സമീപനവും പൊതുജനങ്ങളുടെ സഹകരണവും ഡോക്ടർമാരുടെയും ജീവനക്കാരുടെയും ആത്മാർഥമായ സേവന മനോഭാവവും കൊണ്ടാണ്.

## മജ്‌ലിസുത്തഅ്ലീമിൽ ഇസ്‌ലാമിയിൽ

ജമാഅത്തെ ഇസ്‌ലാമി കേരളയുടെ വിദ്യാഭ്യാസ വിഭാഗമായ മജ്‌ലിസുത്തഅ്ലീമിൽ ഇസ്‌ലാമിയുടെ ജനറൽ സെക്രട്ടറിയായി 1990 മുതൽ 96 വരെ ആറുവർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. ഈ കാലയളവിൽ മജ്‌ലിസ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പാഠപുസ്തക പരിഷ്കരണം എന്നിവയിൽ ചില തുടക്കങ്ങൾ നടത്താനായി. കൂടാതെ അധ്യാപകരുടെ ക്ഷേമനിധിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫെസ്റ്റും ഈ കാലത്താണ് ആരംഭിച്ചത്. മജ്‌ലിസിന്റെ ചില പാഠപുസ്തകങ്ങൾ കാലിക്കറ്റ് യൂനിവേഴ്സിറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞു.

## സാഹിത്യകാരന്മാരുടെ കൂടെ

1991 ഏപ്രിൽ മാസത്തിൽ ജമാഅത്തിന്റെ നിർദേശമനുസരിച്ച് കേരളത്തിന്റെ തലസ്ഥാന നഗരിയിലും അയൽ പ്രദേശങ്ങളിലും സ്ക്വാഡ് പ്രവർത്തനം നടത്താൻ പോയവരുടെ സംഘത്തിൽ ഞാനുമുണ്ടായിരുന്നു.

സ്ക്വാഡിനിടയിൽ സാധാരണക്കാരെയും പ്രഗത്ഭരെയും കണ്ടു. അവരുമായി ബന്ധപ്പെടാൻ കഴിഞ്ഞത് പുതിയൊരു അനുഭവമായി. ഞങ്ങളുടെ ടീം കാണേണ്ടിയിരുന്നത് എ.പി ഉദയഭാനു, ഡോ. ജേക്കബ് വർഗീസ്, പ്രഫ. ഒ.എൻ.വി കുറുപ്പ്, പ്രഫ. എം. കൃഷ്ണൻ നായർ, എം.പി അപ്പൻ, പ്രഫ. എസ്. ഗുപ്തൻ നായർ, സ്വാമി ശ്രദ്ധാനന്ദ, കെ.ആർ ചുമ്മാർ, പങ്കജാക്ഷൻ, കെ.ബി ഹമീദ് (റിട്ട. ഐ.എ.എസ്), ഡോ. എൻ.എ കരീം മുതലായവരെയായിരുന്നു.

സാഹിത്യനിരൂപകനായ എം. കൃഷ്ണൻ നായർ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: "പ്രവാചകനോടുള്ള സ്നേഹം എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. അതുകൊണ്ടാണ് റുഷ്ദി പ്രവാചകനെ വിമർശിച്ചപ്പോൾ ഞാൻ അതിനെ ശക്തമായെതിർത്തത്." എം.പി അപ്പൻ ഇങ്ങനെ നിർദേശിച്ചു: "അമുസ്‌ലിംകൾ ഇസ്‌ലാമിനെക്കുറിച്ചെഴുതിയ വിലപിടിപ്പുള്ള ലേഖനങ്ങൾ ഒരു പുസ്തകമാക്കി ഇംഗ്ലീഷിലും ഹിന്ദിയിലും മലയാളത്തിലും പ്രസിദ്ധീകരിക്കണം."

"ഞങ്ങൾ അമുസ്‌ലിംകൾ ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും പല തെറ്റായ ധാരണയിലുമാണ്. പക്ഷേ, അന്തിമ വിശകലനത്തിൽ അതിനുകാരണം മുസ്‌ലിംകൾ തന്നെയാണ്" എന്ന് ഒ.എൻ.വി അഭിപ്രായപ്പെട്ടു.

വേറെ ചിലർ, ഇത്രയും കാലം നിങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ നടത്താതെ എന്തുചെയ്യുകയായിരുന്നുവെന്ന് പരിഭവം പറഞ്ഞു. മറ്റൊരാളുടെ അഭിപ്രായം 'നിങ്ങൾ മുസ്‌ലിംകളിലെ ആർ.എസ്.എസ്' ആണെന്നായിരുന്നു.

ആവേശകരമായ അത്തരം സ്ക്വാഡുകൾക്ക് ഇപ്പോൾ പ്രസക്തി വർധിച്ചിരിക്കുന്നു. ■

(അവസാനിച്ചു)